# SCAN & SHARE

## [ SELF OPD REGISTRATION AT ISM HOSPITALS ]

**HMIS : e-Hospital@NIC**

**INDEX**


| Sl No | Subject | Page No |
|---|---|---|
| 1 | Counter QR Code Generation | 1 |
| 2 | QR Code Scanning & Data Sharing | 4 |
| 3 | OP Ticket Generation | 7 |



Prepared by:

**DR MANESH KUMAR E**

State Nodal Officer [ABDM]

Indian Systems of Medicine


**Ayushman Bharat Digital Mission**

# SCAN & SHARE

## SELF O.P.D REGISTRATION AT ISM HOSPITALS

ഓ.പി. യിലെത്തുന്ന രോഗികൾക്ക്, ഓ.പി. ടിക്കറ്റ് എടുക്കുന്നതിനായി, നീണ്ട ക്യൂ ഒഴിവാക്കി, ആശുപത്രിയുടെ QR കോഡ് ഉപയോഗിച്ച് സ്കാൻ ചെയ്ത് വ്യക്തിഗതവിവരങ്ങൾ ഷെയർ ചെയ്ത്, എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗമാണ് സ്കാൻ & ഷെയർ സംവിധാനം. NIC യുടെ e-Hospital സംവിധാനത്തിൽ ABHA ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ, ഇ-ഹോസ്പിറ്റൽ ഉപയോഗിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികളിൽ വളരെ എളുപ്പത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ സ്കാൻ & ഷെയർ ഏർപ്പെടുത്താൻ കഴിയും. ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ ഭാഗമായി, കേരളത്തിൽ വർക്കല, കൊല്ലം, കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രികളിൽ തുടക്കത്തിൽ സ്കാൻ & ഷെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

സ്കാൻ & ഷെയർ വഴി ഓ.പി. രജിസ്ട്രേഷൻ ചെയ്യുന്നതിന്, രോഗികളായി എത്തുന്നവർക്ക് താഴെ പറയുന്ന രണ്ട് കാര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. **ABHA Number**
2. **ABHA Application in Mobile Phone**

നമ്മുടെ ആശുപത്രികളിൽ സ്കാൻ & ഷെയർ സവിധാനം താഴെ പറയുന്ന 3 സ്റ്റെപ്പുകളിലായി നടപ്പിലാക്കാവുന്നതാണ്.


1. Counter QR Code Generation [ By Hospital ]
2. QR Code Scanning & Data Sharing [ By Patients ]
3. OP Ticket Generation [ By Hospital ]

## Counter QR Code Generation:


ആശുപത്രിയിലെത്തുന്ന രോഗികൾക്ക് സ്കാൻ & ഷെയർ ഓപ്ഷൻ ഉപയോഗിച്ച്, സ്കാൻ ചെയ്യുന്നതിനായി QR കോഡ് ആശുപത്രിയിൽ ഡിസ്പ്ലേ ചെയ്യേണ്ടതാണ്. ഈ കോഡ്, നമുക്ക് നമ്മുടെ ഇ-ഹോസ്പിറ്റൽ ലോഗിനിൽ നിന്നും ജനറേറ്റ് ചെയ്ത്, ഡൗൺലോഡ് ചെയ്യാവുന്നതാണ്. കോഡ് ജനറേറ്റ് ചെയ്യുന്നതിനായി, ഇ-ഹോസ്പിറ്റൽ ലോഗിനിലെ Patient Registration എന്ന ഓപ്ഷനിൽ അവസാനം കാണുന്ന **NDHM Counter QR Code** എന്ന മെനു സെലക്റ്റ് ചെയ്യുക.





സെൽഫ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള QR കോഡ് ജനറേറ്റ് ചെയ്യുന്നതിനുള്ള വിൻഡോ ഓപ്പണാകുന്നതാണ്. അതിൽ ആദ്യം Select Counter ID എന്ന ഓപ്ഷനിലെ ഡ്രോപ്പ്ഡൗൺ മെനുവിൽ നിന്നും കൗണ്ടർ നമ്പർ സെലക്റ്റ് ചെയ്യുക. **നമ്മുടെ ജില്ലാ ആയുർവേദ ആശുപത്രികൾക്ക്, സാധാരണയായി ഒരു കൗണ്ടർ മതി.** അതുകൊണ്ട്, Counter - 1 സെലക്റ്റ് ചെയ്യുക. ആയിരത്തിലധികം രോഗികളെത്തുന്ന ആശുപത്രിയാണെങ്കിൽ, കൂടുതൽ കൗണ്ടറുകൾ സെൽഫ് രജിസ്ട്രേഷനായി സെറ്റ് ചെയ്യാവുന്നതാണ്.




തുടർന്ന്, വലതുവശത്തുള്ള **GENERATE QR CODE** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുന്നതോടെ PDF ഫോർമാറ്റിൽ കോഡ് ജനറേറ്റ് ആവുന്നതാണ്.




ഇത് പ്രിന്റ് എടുത്തോ, പ്രത്യേക സ്റ്റിക്കറായി ചെയ്യിപ്പിച്ചോ രോഗികൾക്ക് സ്കാൻ ചെയ്യുന്നതിനായി നിശ്ചിത സ്ഥലങ്ങളിൽ പതിക്കാവുന്നതാണ്.





ഒരിക്കൽ ജനറേറ്റ് ചെയ്ത QR കോഡ് വീണ്ടും പ്രിന്റെടുക്കണമെങ്കിൽ, ഈ വിൻഡോയിൽ തന്നെ വലതുവശത്തുള്ള **Available Counter QR Code** എന്ന ഓപ്ഷനിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

# QR Code Scanning & Data Sharing:

ആശുപത്രിയിലെത്തുന്ന രോഗികൾക്ക് Scan & Share സംവിധാനം ഉപയോഗിക്കണമെങ്കിൽ അവർക്ക് ABHA നമ്പർ ഉണ്ടായിരിക്കുകയും, മൊബൈലിൽ ABHA Application ഉണ്ടായിരിക്കുകയും വേണം. അല്ലാതെയുള്ള രോഗികൾക്ക് ഈ ഫെസിലിറ്റി ഉപയോഗിക്കാൻ കഴിയില്ല. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ABHA App ഡൗൺലോഡ് ചെയ്യാവുന്നതാണ്.


ABHA App ൽ മൊബൈൽ നമ്പർ നൽകി ലോഗിൻ ചെയ്തുകഴിയുമ്പോൾ നമ്മുടെ പ്രൊഫൈൽ ഓപ്പണാകുന്നതാണ്. പ്രൊഫൈൽ പേജിൽ, രോഗിയുടെ ഫോട്ടോയ്ക്ക് മുകളിലായി സ്കാനിംഗ് ഓപ്ഷൻ കാണാവുന്നതാണ്. അതിൽ ക്ലിക്ക് ചെയ്ത് ഓപ്പണാക്കുക.





തുടർന്ന് വരുന്ന മൊബൈൽ വിൻഡോയിൽ രോഗിയുടെ വിവരങ്ങളും ആഭാകാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള ലിങ്കും കാണാവുന്നതാണ്. ഈ പേജിൽ ഏറ്റവും താഴെയായി **SCAN** എന്ന ഓപ്ഷൻ കാണാവുന്നതാണ്. അതിൽ ക്ലിക്ക് ചെയ്യുക.




തുടർന്ന്, രോഗിയുടെ ഫോണിൽ QR കോഡ് സ്കാനർ ഓപ്പണാകുന്നതാണ്. അതുപയോഗിച്ച്, നമ്മൾ ഡിസ്പ്ലേ ചെയ്തിട്ടുള്ള കോഡ്, അവർക്ക് സ്കാൻ ചെയ്യാവുന്നതാണ്. സ്കാനിംഗ് പേജ് ഓപ്പണാകുമ്പോൾ, രോഗിയുടെ വിവരങ്ങൾ നമ്മുടെ ആശുപത്രിക്ക് ഷെയർ ചെയ്യാനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട്, താഴെ കാണുന്ന രീതിയിലുള്ള മെസേജ് ഫോണിൽ വരുന്നതാണ്.



അതിൽ **SHARE** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടുകൂടി, രോഗിയുടെ വ്യക്തിഗതവിവരങ്ങൾ ആശുപത്രിയുമായി ഷെയർ ചെയ്തുകഴിഞ്ഞു എന്ന മെസേജും, ടോക്കൺ നമ്പറും ഫോണിൽ ഡിസ്പ്ലേ ആകുന്നതാണ്. **ഈ ടോക്കൺ നമ്പർ ഡോക്ടറെ കാണുന്നതിനുള്ള ടോക്കൺ നമ്പർ അല്ലെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുക.** QR കോഡ് കൗണ്ടറിലെ ടോക്കൺ നമ്പറാണിത്.





ഇതോടുകൂടി രോഗിയുടെ ഭാഗത്തുനിന്നും ചെയ്യേണ്ടുന്ന കാര്യങ്ങൾ പൂർത്തിയാകുന്നതാണ്. **രോഗിക്ക് ഈ മെസേജുമായി, ഒ.പി. ടിക്കറ്റ് കൗണ്ടറിനെ സമീപിക്കാവുന്നതാണ്. ഇപ്രകാരം ജനറേറ്റ് ചെയ്യുന്ന ടോക്കണിന് 30 മിനിറ്റ് ആണ് വാലിഡിറ്റി ഉള്ളത്. 30 മിനിറ്റിനകം ഒ.പി. ടിക്കറ്റ് കൗണ്ടറിൽ ബന്ധപ്പെട്ടിട്ടില്ലെങ്കിൽ, ടോക്കൺ expire ആകുന്നതാണ്.**

# OP Ticket Generation:


സെൽഫ് രജിസ്ട്രേഷൻ പൂർത്തിയാക്കിയ രോഗികൾക്ക്, ഓ.പി. ടിക്കറ്റ് കൗണ്ടറിൽ നിന്നും, ഓ.പി. ടിക്കറ്റ് നൽകേണ്ടതാണ്. ഇപ്രകാരം സ്കാൻ & ഷെയർ വഴി സെൽഫ് രജിസ്ട്രേഷൻ ചെയ്തവരുടെ ഡേറ്റ, വീണ്ടും ഓ.പി. ടിക്കറ്റ് കൗണ്ടറിൽ എന്റർ ചെയ്യേണ്ടതില്ല. ഓ.പി. ടിക്കറ്റ് നേരിട്ട് പ്രിന്റ് എടുക്കാവുന്നതാണ്.

ഓ.പി. ടിക്കറ്റ് പ്രിന്റ് എടുക്കുന്നതിനായി New Patient Registration എന്ന ഓപ്ഷൻ എടുക്കുക. താഴെ കാണുന്ന വിൻഡോ ഓപ്പണാകുന്നതാണ്. അതിൽ മുകളിൽ കാണുന്ന Shared Profile എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.





Indian Systems of Medicine


തുടർന്ന്, ക്യൂ മാനേജ്മെന്റ് വിൻഡോ ഓപ്പണാകുന്നതാണ്. അതിൽ Counter ID സെലക്റ്റ് ചെയ്തശേഷം NEXT ബട്ടണിൽ ക്ലിക്ക് ചെയ്യുക.




തുടർന്നുവരുന്ന പേജിലെ ആദ്യം കാണുന്ന **CALL PATIENT** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഒന്നിൽ കൂടുതൽ കൗണ്ടറുകളുള്ള ആശുപത്രികളിൽ മറ്റ് കൗണ്ടർ സെലക്ട് ചെയ്യുന്നതിനായി താഴെയുള്ള Change Counter ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. സെൽഫ് രജിസ്റ്റർ ചെയ്ത ഏതെങ്കിലും രോഗി വിട്ടുപോയിട്ടുണ്ടെങ്കിൽ Manage Queue ഓപ്ഷനിലെ Missing Queue എന്ന മെനു ഉപയോഗിക്കാവുന്നതാണ്.





തുടർന്ന് രോഗിയുടെ വിവരങ്ങൾ ഓപ്പണാകുന്നതാണ്. **CALL PATIENT** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ടോക്കൺ നമ്പർ ക്രമത്തിൽ, സ്കാൻ & ഷെയർ ഓപ്ഷൻ വഴി സെൽഫ് രജിസ്റ്റർ ചെയ്ത രോഗികൾ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്.




അതിൽ **PROCEED** ബട്ടണിൽ ക്ലിക്ക് ചെയ്താൽ, ഇ-ഹോസ്പിറ്റലിലെ പേജിൽ രോഗിയുടെ മുഴുവൻ വിവരങ്ങളും ഡേറ്റാബേസിൽ നിന്നും ഫിൽ ചെയ്യപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്.




തുടർന്ന്, താഴെയുള്ള Patient Visit Information [PV] ഓപ്ഷനിലെ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും, ഏത് ഡോക്ടറെ ആണ് കാണേണ്ടതെന്നുള്ള വിവരം രോഗിയോട് ചോദിച്ച് സെലക്റ്റ് ചെയ്തശേഷം സാധാരണപോലെ ഓ.പി. ടിക്കറ്റ് പ്രിന്റ് എടുത്ത് നൽകാവുന്നതാണ്.




| | |
|---|---|
| **Scan & Share Video by NHA** | **Download** |